ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 20.04.2018

# അനുശോചനം

കേരള കൗമുദി ചീഫ് എഡിറ്റർ എം.എസ്. രവിയുടെ നിര്യാണത്തിൽ പൊതു മരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അനുശോചിച്ചു. കേരള കൗമുദി സ്ഥാപക പത്രാധിപർ കെ.സുകുമാരന്റെ മകനായ അദ്ദേഹം നിർഭയനായി രുന്നു. തുല്യതയില്ലാത്ത പത്രപ്രവർത്തന രീതിയാണ് അദ്ദേഹം തുടർന്നത്. കേരള കൗമുദിയ്ക്ക പകരം കേരള കൗമുദി മാത്രമേയുള്ളു. കെ.സുകുമാരന്റെ പത്രപ്ര വർത്തന പാരമ്പര്യം കാത്തു സൂക്ഷിക്കാൻ മകൻ എം.എസ്. രവിയ്ക്ക് കഴിഞ്ഞു. എല്ലായിപ്പോഴും മതനിരപേക്ഷ നിലപാട് കാത്ത് സൂക്ഷിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കേരളീയ പുരോഗമന ലോകത്തിന് താങ്ങും തണലുമായി നിന്ന സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്നു. ഒരു പത്ര മുതലാളി ആയിരുന്നില്ല എം.എസ്.രവിയെന്നും ഒരു യഥാർത്ഥ പത്രാധിപരായിരുന്നു എന്നും മന്ത്രി ജി.സുധാകരൻ അനുസ്മരിച്ചു. കേരള കൗമുദിയോടുള്ള ആദരസൂച കമായി സർക്കാരിന് വേണ്ടി പുഷ്പചക്രം അർപ്പിക്കുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.